ഭരണഭാഷ മാതൃഭാഷ
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
KERALA STATE BIODIVERSITY BOARD
A statutory and autonomous body, Government of Kerala

നം. 156/എ8/2025/കെ.എസ്.ബി.ബി. 27-06-2025

# നോട്ടിഫിക്കേഷൻ

## കാവുകളുടെ പാരിസ്ഥിതിക പുനരുജ്ജീവനത്തിനായി താൽപ്പര്യമുള്ള ജൈവവൈവിധ്യ പരിപാലന സമിതികളിൽ (ബി.എം.സി. കൾ) നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു:

ഭൂപ്രകൃതി, കാലാവസ്ഥ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവ കാരണം ജൈവവൈവിധ്യത്താൽ സമ്പന്നമായ വ്യത്യസ്തങ്ങളായ നിരവധി ആവാസവ്യവസ്ഥകൾ കേരളത്തിൽ കാണപ്പെടുന്നു. നമ്മുടെ നിലനിൽപ്പിന്നാവശ്യമായ ഉൽപ്പന്നങ്ങളും, സേവനങ്ങളും പ്രദാനം ചെയ്യുന്നതും, നിരവധി ജനങ്ങളുടെ ജീവനോപാധിയായി വർത്തിക്കുന്നതും വൈവിധ്യമാർന്ന ഇത്തരം ആവാസവ്യവസ്ഥകളാണ്. ആവാസവ്യവസ്ഥകളുടെ ശോഷണം തടയുക, തകർച്ചയിൽ നിന്നും അവയെ വീണ്ടെടുക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടിയാണ് 2021-2030 കാലയളവിനെ ആവാസവ്യവസ്ഥാ പുനഃസ്ഥാപന ദശകമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ളത്. അതുപോലെ, 2030 നകം കൈവരിക്കേണ്ട കുൻമിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്കിന്റെ സുപ്രധാന ലക്ഷ്യങ്ങളിലൊന്ന് ജൈവവൈവിധ്യവും ആവാസവ്യവസ്ഥാ പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന് നാശോന്മുഖമായിട്ടുള്ള ആവാസവ്യവസ്ഥകളുടെ ഫലപ്രദമായ പുനഃസ്ഥാപനം ഉറപ്പാക്കുക എന്നതാണ്.

വ്യത്യസ്തങ്ങളായ അനവധി ആവാസവ്യവസ്ഥകളാൽ സമ്പന്നമായ കേരളത്തിന്റെ വളരെ സവിശേഷമായിട്ടുള്ള ആവാസകേന്ദ്രങ്ങളാണ് കാവുകൾ! അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ ജന്തുജാലങ്ങളുടെയും, ഔഷധസസ്യങ്ങളുടെയും, തനത് ജീവജാലങ്ങളുടെയും, വംശനാശഭീഷണി നേരിടുന്നതും സാമ്പത്തിക പ്രാധാന്യമുള്ളതുമായ സസ്യജാലങ്ങളുടെയും ശേഖരമാണ് കാവുകൾ. കാവുകൾ വൻതോതിൽ കുറഞ്ഞുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ, കാലാവസ്ഥാ വ്യതിയാന സാഹചര്യത്തെ നേരിടാൻ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും മുൻഗണ നൽകേണ്ടതുണ്ട്. ഇത്തരത്തിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കാവുകളുടെ പാരിസ്ഥിതിക പുനരുജ്ജീവന പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടുകൂടി പ്രാദേശികതലത്തിൽ നടപ്പാക്കുന്നതിന് ബി.എം.സി. കൾക്ക് നേതൃത്വം നൽകാൻ കഴിയുന്നതാണ്.

മേൽസാഹചര്യത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2025-26 പ്ലാൻ സ്കീമിലുൾ പ്പെടുത്തി ***കാവുകളുടെ പാരിസ്ഥിതിക പുനരുജ്ജീവന*** പദ്ധതി നടപ്പിലാക്കുന്നതിനായി

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തൽപ്പരരായിട്ടുള്ള ബി.എം.സി. കളിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.

പ്രാദേശികതലത്തിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കാവുകളുടെ പാരിസ്ഥിതിക പുനഃസ്ഥാപനത്തിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയുള്ള പ്രൊപ്പോസലുകളാവണം സമർപ്പിക്കേണ്ടത്.

**കാവുകളുടെ പാരിസ്ഥിതിക പുനരുജ്ജീവനം – നടപ്പിലാക്കേണ്ട പദ്ധതി പ്രവർത്തനങ്ങൾ**

- വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങൾ, അധിനിവേശ ജീവജാലങ്ങൾ എന്നിവയെ തിരിച്ചറിയുന്നതിനായി കാവ് വൈവിധ്യത്തെ വിലയിരുത്തൽ.
- കാവുകളിലെ ജൈവവൈവിധ്യം പുനരുജ്ജീവിപ്പിക്കുന്നതിനായി വംശനാശഭീഷണി നേരിടുന്നതും ഔഷധസസ്യങ്ങളുമായിട്ടുള്ള കാവു സസ്യങ്ങൾക്ക് മാത്രമായി 'കാവ് നഴ്സറികൾ' വികസിപ്പിക്കൽ.
- തനത് സസ്യജാലങ്ങളുപയോഗിച്ച് ജൈവവേലി കെട്ടൽ.
- കാവുകളിലെ അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്യൽ.
- കാവുകളിലെ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ.
- കാവുകൾക്ക് അനുബന്ധമായി കാണപ്പെടുന്ന കുളങ്ങളുടെ പുനരുജ്ജീവനം.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രൊപ്പോസലുകൾ സമര്പ്പിക്കാവുന്നതാണ്.

**നിബന്ധനകൾ:**

1. ബി.എം.സി.യുടെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയും സംയുക്ത പദ്ധതിയായിട്ടാവണം പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടത്.
2. നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായിട്ടുള്ള മേൽപ്പറഞ്ഞ ഘടക പ്രവർത്തനങ്ങളുടെ വിശദമായ ബജറ്റ് എസ്റ്റിമേറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിരിക്കണം.
3. പൊതുഉടമസ്ഥതയിലുള്ളതും, റവന്യൂ വകുപ്പിന്റെയോ ദേവസ്വം ബോർഡിന്റെയോ ഉടമസ്ഥതയിലുള്ളതോ ആയ അനുയോജ്യമായിട്ടുള്ള കാവുകളെ പദ്ധതിയ്ക്കായി തിരഞ്ഞെടുക്കാവുന്നതാണ് **ഇത്തരം കാവുകളെ തിരഞ്ഞെടുക്കുന്നപക്ഷം ബന്ധപ്പെട്ട അധികൃതരിൽ നിന്നുള്ള സമ്മതപത്രം കൂടി പ്രൊപ്പോസലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.**
4. **കുറഞ്ഞത് 10 സെന്റ് വിസ്തൃതിയെങ്കിലുമുള്ള കാവുകളാവണം പദ്ധതിയ്ക്കായി തിരഞ്ഞെടുക്കേണ്ടത്.**
5. ഒരു ബി.എം.സി. യിൽ നിന്നും ഒരു കാവിന്റെ പ്രൊപ്പോസൽ മാത്രമേ പരിഗണിക്കുകയുള്ളൂ.
6. ബ്ലോക്ക് പഞ്ചായത്ത് ബി.എം.സി. കൾക്ക് ഒരു പ്രൊപ്പോസലിൽ തന്നെ പരമാവധി 3 കാവുകളെ വരെ ഉൾപ്പെടുത്താവുന്നതാണ്. അത്തരം പ്രൊപ്പോസലുകളിൽ എല്ലാ

കാവുകൾക്കുമായി ഒരു കാവ് നഴ്സറി സജ്ജീകരിച്ചാൽ മതിയാകും.

7. **പദ്ധതിയുടെ ആകെ ബജറ്റിൽ നിശ്ചിത ശതമാനം തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനം വകയിരുത്തേണ്ടതാണ്.**
8. കാവിന്റെ വിസ്തൃതി, പുനരുജ്ജീവന പ്രസക്തി, പ്രൊപ്പോസലിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് **ഒരു കാവിന് പരമാവധി 50,000/- രൂപ മുതൽ ഒരു ലക്ഷം രൂപവരെയാണ് ബോർഡിൽ നിന്നും ബി.എം.സി. കൾക്ക് അനുവദിക്കുക.** പദ്ധതി നിർവ്വഹണത്തിനായി അധികമായി വേണ്ടി വരുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വകയിരുത്തേണ്ടതാണ്.
9. പദ്ധതിയുടെ ഭാഗമായുള്ള തൈകളുടെ നടീൽ, പരിപാലനം, കാവ് നഴ്സറി പരിപാലനം തുടങ്ങിയ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിക്കേണ്ടതാണ്.
10. കാവ് പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി നട്ടുപിടിപ്പിക്കുവാനുദ്ദേശിക്കുന്ന സസ്യയിനങ്ങൾ ഏതെല്ലാം, അവയുടെ എണ്ണം, അവയിൽ വംശനാശഭീഷണി നേരിടുന്ന എത്ര സസ്യയിനങ്ങൾ നട്ടുപിടിപ്പിക്കുന്നു തുടങ്ങിയ വിവരങ്ങൾ കൃത്യമായി പ്രൊപ്പോസലിൽ പ്രതിപാദിച്ചിരിക്കണം.
11. കാവ് നഴ്സറിയിൽ വികസിപ്പിക്കുവാനുദ്ദേശിക്കുന്ന സസ്യങ്ങളുടെയും മേൽപ്പറഞ്ഞ പ്രകാരമുള്ള വിശദാംശങ്ങൾ പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ടതാണ്.
12. പദ്ധതി പ്രവർത്തനങ്ങളെല്ലാം തന്നെ കൃത്യമായും ഡോക്യുമെന്റ് (ഫോട്ടോകൾ/ വീഡിയോകൾ) ചെയ്യേണ്ടതാണ്.
13. പദ്ധതിയുടെ ഭാഗമായുള്ള കാവ് നഴ്സറികൾ ബി.എം.സി. യ്ക്ക് നേരിട്ടോ ബന്ധപ്പെട്ട മേഖലയിലെ സ്ഥാപനങ്ങളുടെയോ വകുപ്പുകളുടെയോ സഹകരണത്തോടുകൂടിയോ വികസിപ്പിക്കാവുന്നതാണ്.
14. നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായി സ്ഥിരമായ നിർമ്മാണ പ്രവര്ത്തനങ്ങൾ, ഉപകരണങ്ങൾ വാങ്ങൽ, സ്റ്റാഫിനെ നിയോഗിക്കൽ തുടങ്ങിയ പ്രവർത്തികൾ ഉള്‌ക്കൊള്ളിക്കാൻ പാടുള്ളതല്ല.
15. ബി.എം.സി. കൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ നിന്നും തിരഞ്ഞെടുക്കുന്നവയ്ക്ക് ബോർഡിൽ നിന്നും അറിയിപ്പ് നൽകുന്നതായിരിക്കും.
16. **പ്രൊപ്പോസലുകൾക്കൊപ്പം, ബി.എം.സി.യ്ക്കുവേണ്ടി ചെയർപേഴ്സണിന്റെയും സെക്രട്ടറിയുടെയും പേരിൽ സംയുക്തമായിട്ട് തുടങ്ങിയ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ കൂടി സമർപ്പിക്കേണ്ടതാണ്.**
17. പ്രൊപ്പോസൽ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുബന്ധ വകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ, സർകലാശാലകൾ, കോളേജുകൾ, ബോര്ഡിന്റെ ജില്ലാതല ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പുകൾ (ടി.എസ്.ജി.), പരിസ്ഥിതി ജൈവവൈവിധ്യ മേഖലയിലെ സന്നദ്ധ സംഘടനകൾ എന്നിവരുടെ സാങ്കേതിക സഹായം ബി.എം.സി. യ്ക്ക് പ്രയോജന പ്പെടുത്താവുന്നതാണ്.
18. പദ്ധതി നിർവ്വഹണത്തിൽ അതത് തദ്ദേശസ്ഥാപനങ്ങളിലെ തൊഴിലുറപ്പ് തൊഴിലാളികൾ,

കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ പങ്കാളിത്തം പരമാവധി ഉൾപ്പെടുത്തേണ്ടതാണ്.

19. പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും.

20. ബി.എം.സി. കൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ നിന്നും അനുയോജ്യമായവ ബോർഡിന്റെ വിദഗ്ദതല സമിതി തിരഞ്ഞെടുക്കുന്നതാണ്. പ്രൊപ്പോസലുകൾ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.

മേൽ നിബന്ധനകൾക്ക് വിധേയമായി താൽപ്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബി.എം.സി. കൾക്ക് **അനുബന്ധമായി** ചേർത്തിട്ടുള്ള മാതൃകയിൽ താഴെപ്പറയുന്ന വിലാസത്തിലോ, ഇ-മെയിലിലൂടെയോ പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്.

പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ട അവസാന തീയതി: 25.07.2025

അയയ്ക്കേണ്ട വിലാസം:

**മെമ്പർ സെക്രട്ടറി**
**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
**'കൈലാസം', ടി.സി. 24/3219, നം.43, ബെൽഹാവൻ ഗാർഡൻസ്**
**കവടിയാർ പി.ഒ., തിരുവനന്തപുരം** - 695 003
**ഇ-മെയിൽ** - keralabiodiversity@gmail.com, kerala.sbb@kerala.gov.in

Signed by
V Balakrishnan
Date: 27-06-2025 13:29:32

**മെമ്പർ സെക്രട്ടറി**